# തിരുവനന്തപുരം നഗരസഭ

## കൗൺസിൽ തീരുമാനം നം. 3 (എഫ്) 1 തീയതി: 07/02/2023

**R3/42910/22:** തിരുവനന്തപുരം നഗരസഭ – കളിസ്ഥലങ്ങൾക്ക് ലൈസൻസ് നിയമാവലി – 20 ഇന കർമ്മ പരിപാടിയുടെ ഭാഗമായി നഗരസഭയിൽ കളി സ്ഥലങ്ങൾക്ക് പ്രത്യേക ലൈസൻസ് നൽകുന്നതിന് ഒരു ബൈലോ പ്രസിദ്ധീകരി ക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ കളിസ്ഥലങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും നിയന്ത്രിക്കുന്നതിനുമായി തയ്യാറാക്കി യിട്ടുള്ള ബൈലോ കരട് അംഗീകരിച്ചു.

**കളിസ്ഥലങ്ങൾക്കുള്ള ലൈസൻസ് നൽകലും നിയന്ത്രണങ്ങളും ബൈലോ 2020**

1. കളിസ്ഥലങ്ങൾക്കുള്ള ലൈസൻസ് നൽകലും നിയന്ത്രണങ്ങളും ബൈലോ 2022 എന്ന പേരിൽ അറിയപ്പെടുന്നതാണ്.
2. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ മുഴുവൻ സ്ഥലപരിധിയ്ക്കും ഇത് ബാധകമായിരിക്കുന്നതാണ്.
3. ഈ ബൈലോ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ അല്ലെങ്കിൽ നഗരസഭ തീരുമാനിക്കുന്ന ദിവസം മുതൽ നടപ്പിൽ വരുന്നതായി രിക്കും.
4. **നിർവചനങ്ങൾ :**
   a) **നഗരസഭ -** തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു
   b) **സെക്രട്ടറി-** തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു.
   c) **കളിസ്ഥലം–** പൊതുജനങ്ങൾക്ക് ശാരീരിക മാനസിക ഉല്ലാസത്തിനായും ആരോഗ്യ സംരക്ഷണത്തിനായും വിവിധ കളികളിൽ പരിശീലനങ്ങളിൽ ഏർപ്പെടാവുന്ന സ്ഥലം. ഇവ തുറസ്സായവയോ അടച്ചുമൂടിയവയോ ആകാവുന്നതാണ്. സ്ഥിരമായ നിർമ്മിതിയും താൽക്കാലിക നിർമ്മിതിയും ഈ ഗണത്തിൽ വരുന്നതാണ്. തറയിൽ പ്രത്യേക വിരിപ്പുകൾ സ്ഥാപിച്ച്, വശങ്ങളിൽ വിവിധ തരത്തിലുള്ള മറകൾ സ്ഥാപിച്ച്, പ്രത്യേക വിളക്കുകൾ സ്ഥാപിച്ച് താൽക്കാലികമായി നിർമ്മിക്കുന്ന കളിസ്ഥലങ്ങളും ഈ ഗണത്തിൽ വരുന്നതാണ്.
   d) **ലൈസൻസി** കളിസ്ഥലത്തിന്റെ നടത്തിപ്പുകാരൻ/ചുമതലക്കാരൻ എന്ന അർത്ഥമാകുന്നു. ടിയാൻ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥനോ ഉടമസ്ഥനുമായി കരാറിൽ ഏർപ്പെട്ട് ടി സ്ഥലം വാടക വ്യവസ്ഥയ്ക്ക് വിധേയമായി ഏറ്റെടുത്ത വ്യക്തിയോ ആകാവുന്നതാണ്.
   e) **ശല്യം–** കളിസ്ഥലങ്ങളിൽ കളി നടക്കുമ്പോൾ/കളിസ്ഥലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ സമീപ വാസികൾക്കുണ്ടാകുന്ന ശല്യം

എന്ന് അർത്ഥമാകുന്നു. ഇതിന് കേരള മുനിസിപ്പാലിറ്റി നിയമം, 1994 വകുപ്പ് 2(24) പ്രകാരമുള്ള സമാനമായ അർത്ഥമാണുള്ളത്.

f) **താൽക്കാലിക കളിസ്ഥലം :** സ്ഥിരമായ സ്വഭാവമില്ലാത്തതും, താൽക്കാലിക സ്വഭാവമുള്ളതുമായ നിർമ്മാണത്തിൽ കൂടി സജ്ജമാക്കുന്ന കളിസ്ഥലങ്ങൾ സിമന്റ്, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് പരമ്പരാഗത നിർമ്മാണ രീതിയിൽ നിർമ്മിക്കുന്നവ ഈ ഗണത്തിൽ ഉൾപ്പെടുന്നതല്ല. തടി, കയർ, ഷീറ്റ്, സ്റ്റീൽ, ഇരുമ്പ്, ഉരുക്ക്, പ്ലാസ്റ്റിക്, ഫൈബർ, ഗ്ലാസ് തുടങ്ങിയ സമാനമായ ഗണത്തിൽ വരുന്ന സാധനങ്ങൾകൊണ്ട് നിർമ്മിക്കുന്നവ ആയിരിക്കും ഈ ഗണത്തിൽ പരിഗണിക്കപ്പെടുന്നത്.

## 5. ആവശ്യകത:

നഗരസഭാ പരിധിയിൽ സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന എല്ലാ താൽക്കാലിക കളിസ്ഥലങ്ങൾക്കും ടർഫുകൾക്കും ഈ ബൈലോ ബാധകമായിരിക്കുന്നതും, കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പെർമിറ്റും, പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസും ഉണ്ടായിരിക്കേണ്ടതുമാണ്.

## 6. കളിസ്ഥലങ്ങൾക്ക് പെർമിറ്റ് കിട്ടുന്നതിനുള്ള നടപടിക്രമം:

**എ)** ലൈസൻസ് ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷാ ഫോമിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ ലൈസൻസി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയുടെ മാതൃക **അനുബന്ധം 1** ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. സ്ഥിരമായ നിർമ്മാണമാണെങ്കിൽ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന അപേക്ഷ ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ട താണ്.

**ബി)** അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ, ലൈസൻസി ആണെങ്കിൽ ഉടമസ്ഥനുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ രേഖകൾ, ചെയ്യാൻ പോകുന്ന പ്രവർത്തിയുടെ പ്ലാൻ എന്നിവ സമർപ്പിക്കേണ്ടതാണ്. പ്ലാനിനോടൊപ്പം ലൊക്കേഷൻ സ്കെച്ചും, കളിസ്ഥലത്തിന്റെ മറ്റ് സൗകര്യങ്ങളുടെ വിശദ വിവരങ്ങളും, സാനിറ്റേഷൻ പ്ലാനും ഉണ്ടായിരിക്കേണ്ട താണ്. പ്രസ്തുത പ്ലോട്ടിലേയ്ക്കുള്ള വഴി സൗകര്യം രേഖപ്പെടുത്തുന്ന പ്ലാനും ഇതോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. കളിസ്ഥലത്ത് കാണികൾക്ക് ഇരിക്കുന്ന തിനുള്ള സൗകര്യമുണ്ടെങ്കിൽ ആയത് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതും, ഭൂനിരപ്പിൽനിന്നും 6 അടിയിൽ കൂടുതൽ പൊക്കത്തിൽ ഏതെങ്കിലും തരത്തിൽ സ്ട്രക്ചറുകൾ നിർമ്മിക്കുന്നപക്ഷം യോഗ്യതയുള്ള സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. നെറ്റ് സ്ഥാപിക്കുന്ന പോളുകൾ/ഭാരം വഹിക്കാത്ത പോളുകൾ എന്നിവയ്ക്ക് ഇത് ബാധകമല്ല. എന്നാൽ ഏതെങ്കിലും തരത്തിലുള്ള മേൽക്കൂര/നെറ്റ്/ഷീറ്റ്/മറ എന്നിവ മുകൾ ഭാഗത്തിൽ നിർമ്മിക്കുന്നപക്ഷം സർട്ടിഫിക്കറ്റ് ആവശ്യമാണ്.

**സി)** 50 പേരിൽ കൂടുതൽ ആളുകൾക്ക് മത്സരം വീക്ഷിക്കാനുള്ള സൗകര്യം സജ്ജീകരിക്കുകയാണെങ്കിൽ ആയതിന് ശൗചാലയ സൗകര്യം, റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഉറപ്പു വരുത്തേതാണ്. ശുചീകരണത്തിനുള്ള സംവിധാനവും ഖര-ദ്രവ മാലിന്യങ്ങൾ എന്നിവ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്.

**ഡി)** കളിസ്ഥലം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം മഴക്കാലത്ത് വെള്ളം കെട്ടുന്ന സ്ഥലങ്ങൾ ആകാൻ പാടില്ലാത്തതാണ്. ഫ്ളഡ് ലൈറ്റ് സൗകര്യം ഉള്ള പക്ഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി/സാക്ഷ്യപത്രം ഹാജരാക്കേണ്ട താണ്.

**ഇ)** പെർമിറ്റിന് അപേക്ഷിക്കുമ്പോൾ പെർമിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ നിരക്ക് (പട്ടിക 1 ൽ) ഉള്ളടക്കം ചെയ്തിരിക്കുന്നു.

**എഫ്)** താത്ക്കാലിക കളിസ്ഥലങ്ങൾ ആണെങ്കിൽ ഡി.ടി.പി. സ്കീം, മാസ്റ്റർ പ്ലാൻ, കെ.എം.ബി.ആർ, CRZ എന്നിവ പരിഗണിക്കേണ്ടതില്ല. എന്നാൽ തണ്ണീർതട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലമാണെങ്കിൽ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കിയിരിക്കേണ്ടതാണ്. എന്നാൽ വെള്ളക്കെട്ട് ഇല്ലാത്തതും, ഉറച്ച ഭൂമിയുമുള്ള സ്ഥലങ്ങളിൽ വസ്തു യാതൊരു തരത്തിലുള്ള വികസനത്തിനും വിധേയമാകാത്തപക്ഷം (development) (മണ്ണ് ഇട്ട് നികത്തിയ പോലുള്ളവ) ഇവിടെ താൽക്കാലിക കളിസ്ഥലങ്ങൾ അനുവദിക്കാവുന്നതാണ്.

**ജി)** സ്ഥിരമായ നിർമ്മാണങ്ങൾ ചെയ്യുന്നപക്ഷം ഡി.റ്റി.പി. സ്കീം, മാസ്റ്റർ പ്ലാൻ, കെ.എം.ബി.ആർ എന്നിവയ്ക്ക് അനുസൃതമായി മാത്രമേ നിർമ്മാണാനുമതി നൽകുകയുള്ളു.

**എച്ച്)** നിയമപ്രകാരമാണ് അപേക്ഷ എന്ന് ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് നിർമ്മാണ അനുമതി (അനുബന്ധം–II) നൽകുന്നതാണ്. അപേക്ഷ ലഭിച്ചാൽ മറ്റ് കുറവുകൾ/ലംഘനങ്ങൾ ഇല്ലാത്തപക്ഷം 15 ദിവസത്തിനകം പെർമിറ്റ് നൽകിയിരിക്കേണ്ടതാണ്. നിർമ്മാണാനുമതിയുടെ കാലാവധി ഒരു വർഷമായിരിക്കുന്നതും, പ്രസ്തുത കാലയളവിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം ആയത് പുതുക്കാവുന്നതുമാണ്. പെർമിറ്റ് പുതുക്കുന്നത് കാലാവധിക്കുള്ളിൽ ആണെങ്കിൽ 20 % ഫീസും, കാലാവധി കഴിഞ്ഞതിനു ശേഷമാണെങ്കിൽ 50 % ഫീസും ഒടുക്കേണ്ടതാണ്. ഇത്തരത്തിൽ പുതുക്കുന്ന പെർമിറ്റിന്റെ കാലാവധി ഒരു വർഷവും പരമാവധി 3 പ്രാവശ്യം പുതുക്കാവുന്ന തുമാണ്. 3 പ്രാവശ്യം പുതുക്കിയതിനു ശേഷവും നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ പെർമിറ്റ് കാലാവധി കാലഹരണപ്പെട്ടതായി കണക്കാക്കു ന്നതും, പുതിയ പെർമിറ്റിന് അപേക്ഷ നൽകേണ്ടതുമാണ്. നിലവിലുള്ള നിയമം ഇത്തരത്തിലുള്ള അപേക്ഷകൾക്ക് ബാധകമായിരിക്കുന്നതുമാണ്.

**ഐ)** പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ഒക്യൂപ്പൻസി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകേണ്ടതും നിർമ്മാണം പൂർത്തീകരി ച്ചതിനനുസരിച്ചുള്ള പ്ലാൻ (കംപ്ലീഷൻ പ്ലാൻ) സമർപ്പിക്കേണ്ടതുമാണ്. നിയമാനുസൃതമാണ് നിർമ്മാണമെന്ന് ബോധ്യപ്പെടുന്നപക്ഷം കളിസ്ഥലം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

<u>**(അനുബന്ധം III)**</u>

**ജെ)** അനുവാദം തന്ന പ്ലാനിൽനിന്നും വ്യത്യസ്തമായിട്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ആയതിനനുസരിച്ചുള്ള പ്ലാൻ (റിവൈസ്ഡ് പ്ലാൻ) സമർപ്പിക്കേണ്ടതും ആയതിന് നിലവിലുള്ള പെർമിറ്റ് ഫീയുടെ 50 % അധിക ഫീസ് നൽകേണ്ടതുമാണ്.

**7. <u>കളി സ്ഥലം പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ്:</u>**

**എ)** നിർമ്മാണം പൂർത്തീകരിച്ച കളിസ്ഥലങ്ങൾ, അല്ലെങ്കിൽ ടർഫുകൾ പ്രവർത്തിപ്പി ക്കുന്നതിന് നഗരസഭയിൽനിന്നും ലൈസൻസ് എടുത്തിരിക്കേതാണ്. ലൈസൻസ് അപേക്ഷയുടെ മാതൃക <u>**അനുബന്ധം** IV</u> ആയി ഉള്ളടക്കം ചെയ്യുന്നു.

**ബി)** ലൈസൻസ് അപേക്ഷയിൽ പറയുന്ന വിവരങ്ങൾ, ഈ ബൈലോയ്ക്ക് അനു സൃതമാണെങ്കിൽ 15 ദിവസത്തിനകം നിശ്ചിത മാതൃകയിൽ ലൈസൻസ് അനുവ

ദിക്കുന്നതാണ്. മാതൃക **അനുബന്ധം** V ആയി ഉളളടക്കം ചെയ്യുന്നു. ലൈസൻസ് കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ്. ലൈസൻസിന്റെ കാലാവധി ഏപ്രിൽ 1–ന് ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31–ന് തീരുന്ന രൂപത്തിലായിരിക്കുന്നതാണ്. ആവശ്യമാകുന്നപക്ഷം 5 വർഷത്തേയ്ക്ക് ഒരുമിച്ച് ലൈസൻസ് ഫീസ് ഒടുക്കാവുന്നതും, 5 വർഷത്തേക്ക് ലൈസൻസ് എടുക്കാവുന്നതുമാണ്.

**സി** ) ലൈസൻസ് ഫീസിന്റെ നിരക്കുകൾ പട്ടിക **2** ൽ ഉൾക്കൊളളിച്ചിരിക്കുന്നു.

**ഡി**) ലൈസൻസ് നൽകുമ്പോൾ ഒരു ലൈസൻസ് നമ്പർ അനുവദിക്കുന്നതും, ആയത് ബന്ധപ്പെട്ട കളിസ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതുമാണ്.

**ഇ**) ലൈസൻസ് അനുവദിക്കുമ്പോൾ നഗരസഭയ്ക്ക് ഉചിതമായ നിബന്ധനകൾ ചുമത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതും, പ്രസ്തുത നിബന്ധനകൾ പാലിക്കുവാൻ ലൈസൻസി ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

**8. <u>നഗരസഭയുടെ അധികാരങ്ങൾ :</u>**

**എ**) ലൈസൻസ് നൽകിയിട്ടുളള കളിസ്ഥലങ്ങളിൽ നഗരസഭാ ഉദ്യോഗസ്ഥർക്ക് ഏതു സമയത്തും പ്രവേശിക്കുവാനും പരിശോധിക്കുവാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ബി**) ഏതെങ്കിലും ലൈസൻസ് നിബന്ധനകൾ ലംഘിക്കപ്പെട്ടതായി ആയത് ലൈസൻസ് റദ്ദാക്കുന്നതിന് കാരണമാകുന്നതാണ്.

**സി**) സർക്കാരോ നഗരസഭയോ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ ലൈസൻസ് വ്യവസ്ഥകളായി പരിഗണിക്കേണ്ടതും, ആയത് ലംഘിക്കുന്നപക്ഷം ലൈസൻസ് റദ്ദു ചെയ്യുന്നതിന് കാരണമാകുന്നതുമാണ്.

**ഡി**) പൊതു താൽപ്പര്യം പരിഗണിച്ച് നഗരസഭയ്ക്ക് ലൈസൻസ് താൽക്കാലികമായി റദ്ദാക്കാവുന്നതും, പ്രസ്തുത സമയത്ത് കളിസ്ഥലങ്ങൾ അടച്ചിടേണ്ടതുമാണ്.

**ഇ**) പൊതു താൽപ്പര്യാർത്ഥം നഗരസഭയ്ക്ക് കളിസ്ഥലം ചെറിയ കാലയളവിലേക്ക് എന്തെങ്കിലും ആവശ്യത്തിന് വേണമെന്ന് ബോധ്യപ്പെട്ടാൽ ആയത് സൗജന്യമായി നൽകാൻ ലൈസൻസി ബാധ്യസ്ഥനാണ്.

**എഫ്**) തെറ്റായ രേഖകൾ, തെറ്റായ രേഖപ്പെടുത്തലുകൾ എന്നിവ മുഖാന്തിരമാണ് ലൈസൻസ് കരസ്ഥമാക്കിയതെന്ന് നഗരസഭയ്ക്ക് ബോധ്യമാകുന്നപക്ഷം നഗരസഭയ്ക്ക് ലൈസൻസ് റദ്ദാക്കാവുന്നതാണ്.

**9. <u>ലൈസൻസിയുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും</u>**

**എ**) ലൈസൻസ് ലഭിച്ച കളിസ്ഥലങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ ജാതിയുടെയോ, മതത്തിന്റെയോ, ഭാഷയുടെയോ, ലിംഗത്തിന്റെയോ അടിസ്ഥാനത്തിൽ വിഭാഗീയത പാടില്ലാത്തതും, എല്ലാത്തരം ആൾക്കാരെയും മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവേശിപ്പിക്കേണ്ടതുമാണ്.

**ബി**) കളിസ്ഥലം വളരെ ശുചിത്വത്തോടുകൂടി പരിപാലിക്കേണ്ടതാണ്. കളിസ്ഥലത്ത് ഉണ്ടാകുന്ന എല്ലാത്തരം ഖര–ദ്രവ മാലിന്യങ്ങളും ഉടനടി നീക്കം ചെയ്യേണ്ടതും ശാസ്ത്രീയമായി ആയത് സംസ്ക്കരിക്കേണ്ടതുമാണ്.

**സി)** ലൈസൻസ് നിബന്ധനകൾ പാലിക്കേണ്ടതും നഗരസഭയുടെയും സംസ്ഥാന സർക്കാരിന്റെയും വിവിധ നിർദേശങ്ങൾ ബന്ധപ്പെട്ട ലൈസൻസി പാലിക്കേണ്ടതുമാണ്.

**ഡി)** ലൈസൻസ് കൃത്യസമയത്തിനകം തന്നെ പുതുക്കേണ്ടതും ലൈസൻസ് ഫീസ് ഒടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ലൈസൻസ് ഇല്ല എന്ന നിഗമനത്തിൽ നഗരസഭയ്ക്ക് കളിസ്ഥലം അടച്ചു പൂട്ടുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ഇ)** കളിസ്ഥലത്തിന്റെ സുരക്ഷ ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബന്ധപ്പെട്ട ലൈസൻസിക്കാണ്. സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കേണ്ടതും ഏതൊരു തരത്തിലുമുള്ള അപകടവും ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള അപകടം ഉണ്ടാകുന്നുവെങ്കിൽ ആയത് അടിയന്തിരമായി ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതും അപകടത്തിന്റെ തീവ്രത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**എഫ്)** ഓരോ ലൈസൻസിയും കളിസ്ഥലത്തെ പ്രവർത്തനത്തെക്കുറിച്ചുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും, ആയത് പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത മാർഗനിർദേശങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങൾക്കോ പൊതുനയങ്ങൾക്കോ എതിരാകുന്നപക്ഷം ആയത് നിലനിൽക്കുന്നതല്ല.

**ജി)** കളി സ്ഥലങ്ങളിൽ ഉച്ചത്തിലുള്ള മ്യൂസിക്, അല്ലെങ്കിൽ വലിയ രീതിയിലുള്ള ശബ്ദം പുറപ്പെടുവിക്കാൻ പാടില്ലാത്തതും ആയത് സമീപവാസികൾക്ക് അസൗകര്യം/ശല്യം ഉണ്ടാക്കാൻ പാടില്ലാത്തതുമാണ്. കൂടാതെ രാവിലെ 6 മണിക്കു മുമ്പായും രാത്രി 10 മണിക്കു ശേഷവും ശബ്ദമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, ശബ്ദം പുറപ്പെടുവിക്കുന്ന യാതൊരു ഉപകരണങ്ങളും പ്രവർത്തിപ്പിക്കുവാൻ പാടില്ലാത്തതുമാകുന്നു.

**എച്ച്)** പ്രസ്തുത കളി സ്ഥലങ്ങളുടെ പ്രവർത്തന സമയം സാധാരണയായി രാവിലെ 5 മണി മുതൽ രാത്രി 10 മണി വരെ ആയിരിക്കുന്നതാണ്. പ്രസ്തുത സമയത്തിനപ്പുറം പ്രവർത്തിപ്പിക്കണമെന്നുണ്ടെങ്കിൽ ആയതിനുള്ള കാരണം നഗരസഭയെ ബോധ്യപ്പെടുത്തി പ്രത്യേക അനുമതി നേടിയിരിക്കേണ്ടതാണ്.

**ഐ)** കളിസ്ഥലത്ത് പ്രാഥമിക ചികിത്സാ (First Aid) സൗകര്യവും ആവശ്യമായ സാധനങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

**10. <u>ഈ മാർഗ നിർദേശങ്ങളിൽ നിന്നും ഒഴിവാക്കിയവ</u>**

**എ)** വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങൾ, ആശുപത്രികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, എൻ.ജി.ഒ കൾ തുടങ്ങിയവയുടെ ഉടമസ്ഥതയിലുള്ള കളി സ്ഥലങ്ങളെ അവരുടെ അംഗങ്ങളുടെ ശാരീരിക മാനസിക ഉല്ലാസത്തിനായും യാതൊരുവിധ ഫീസ് വാങ്ങാതെയും (മെമ്പർഷിപ്പ് ഫീസ് ഉൾപ്പെടെ) പ്രവേശിപ്പിക്കുന്നപക്ഷം ഈ ബൈലോയുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**ബി)** എന്നിരുന്നാലും കളിസ്ഥലം നിർമ്മിക്കുന്നതിന് നഗരസഭയുടെ അനുമതി വാങ്ങേണ്ടതാണ്.

**11. <u>നിലവിലുള്ള കളിസ്ഥലങ്ങൾ</u>**

**എ)** നിലവിലുള്ള എല്ലാ കളി സ്ഥലങ്ങൾക്കും ഈ ബൈലോയുടെ എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്.

**ബി)** നിലവിലുള്ള കളി സ്ഥലങ്ങൾ ഈ ബൈലോ നിലവിൽ വന്ന് 6 മാസത്തിനകം ചട്ട പ്രകാരമുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

**സി)** 6 മാസത്തിനകം അനുമതി വാങ്ങിക്കാത്തപക്ഷം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കളിസ്ഥലമായി കണക്കാക്കി പ്രസ്തുത കളിസ്ഥലം അടച്ചു പൂട്ടുന്നതിനുള്ള അധികാരം നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

**ഡി)** ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുമ്പോൾ ആയത് നിലവിലുള്ള ഫീസ് നിരക്ക് പ്രകാരം പെർമിറ്റ് ഫീസും ലൈസൻസ് ഫീസും ഒടുക്കേണ്ടതാണ്.

**12. ലംഘനങ്ങളും കുറ്റങ്ങളും**

**എ)** നഗരസഭയുടെ പൊതുവായ നിർദേശങ്ങൾ, ലൈസൻസ് വ്യവസ്ഥകൾ എന്നിവ ലംഘിക്കുന്നപക്ഷം നഗരസഭ നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കുന്നതിന് നഗരസഭയ്ക്ക് നോട്ടീസ് നൽകാവുന്നതും, ആയതിന് ബോദ്ധ്യപ്പെടുന്ന മറുപടി ലഭിക്കാത്തപക്ഷം നഗരസഭയ്ക്ക് ലൈസൻസ് ക്യാൻസൽ ചെയ്യാവുന്നതുമാണ്. ഈ ലംഘനങ്ങൾ ഉണ്ടാകുന്നപക്ഷം നഗരസഭയ്ക്ക് 2,000/- രൂപ വരെ പിഴ ഈടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

**ബി)** ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കളി സ്ഥലങ്ങൾക്ക് 10,000/- രൂപ വരെ പിഴ ഈടാക്കാൻ നഗരസഭയക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലംഘനം തുടരുന്നപക്ഷം ഓരോ ദിവസത്തിനും 100/- രൂപ വീതം പിഴ ഈടാക്കാവുന്നതാണ്.

**പട്ടിക - 1**

**നിർമ്മാണ അനുമതി ഫീസ്**

| | | |
|---|---|---|
| 1. | 50 ചതുരശ്ര മീറ്റർ വിസ്തീർണ്ണം | 300/- |
| 2. | 50 ചതുരശ്ര മീറ്ററിനു മുകളിലുള്ള ഓരോ ചതുരശ്ര മീറ്ററിനും (100 ചതുരശ്ര മീറ്റർ വരെ) | 10/- |
| 3. | 100 ചതുരശ്ര മീറ്ററിനു മുകളിലുള്ള ഓരോ മീറ്ററിനും (200 ചതുരശ്ര മീറ്റർ വരെ) | 20/- |
| 4. | 200 ചതുരശ്ര മീറ്ററിനു മുകളിൽ ഓരോ ചതുരശ്ര മീറ്ററിനും | 30/- |

**പട്ടിക - 2**

**ലൈസൻസ് ഫീസ്**

| | | |
|---|---|---|
| 1 | 100 ചതുരശ്ര മീറ്റർ വരെ | 1,000/- |
| 2 | 200 ചതുരശ്ര മീറ്റർ വരെ | 2,000/- |
| 3 | 300 ചതുരശ്ര മീറ്റർ വരെ | 3,000/- |
| 4 | 500 ചതുരശ്ര മീറ്റർ വരെ | 5,000/- |
| 5 | 500 ചതുരശ്രമീറ്ററിനു മുകളിൽ | 7,500/- |

## അനുബന്ധം -1

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

## താൽക്കാലിക കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ

**I. അപേക്ഷകനെ സംബന്ധിച്ച വിവരം**

എ) അപേക്ഷകന്റെ പേര് :

ബി) മേൽ വിലാസം :

സി) അപേക്ഷകൻ ഉടമസ്ഥൻ ആണോ ?

എങ്കിൽ ഉടമസ്ഥന്റെ പേര്,

(കരാറിന്റെ പകർപ്പ്),

മേൽ വിലാസം :

**II. വസ്തുവിനെ സംബന്ധിച്ച വിവരം**

എ) സർവെ നമ്പർ :

ബി) വില്ലേജ് :

സി) വാർഡ് :

ഡി) സ്ഥല വിസ്തീർണ്ണം :

ഇ) മാസ്റ്റർ പ്ളാൻ പ്രകാരം അനുവദനീയമാണോ/ബാധകമല്ല :

എഫ്) ഡി.ടി.പി. സ്കീം പ്രകാരം അനുവദനീയ നിർമ്മാണമാണോ/ബാധകമല്ല:
ജി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണോ :
എച്ച്) ബി.ടി.ആർ. പ്രകാരം ഏത് ഗണത്തിൽ പെടുന്നു :
ഐ) മഴ പെയ്യുമ്പോൾ വെള്ളം കയറുന്നതാണോ :
ജെ) അവസാന ഭൂനികുതിയടച്ചതിന്റെ പകർപ്പ്
(ഉള്ളടക്കം ചെയ്യുക) ഉണ്ട്/ഇല്ല.

## II. നിർമ്മാണത്തിന്റെ വിവരങ്ങൾ

(i) കളിസ്ഥലത്തിന്റെ വിസ്തീർണ്ണം :

(ii) പ്രധാനമായും ഏത് തരം കളിയാണ് ഉദ്ദേശിക്കുന്നത് :

(iii) കാണികൾക്ക് ഇരിക്കാൻ സൗകര്യമുണ്ടോ? : ഉണ്ടെങ്കിൽ എത്ര പേർക്ക് :

(iv) നിർമ്മാണത്തിന് 6 അടിയിൽ കൂടുതൽ ഉയരമുണ്ടോ: ഉണ്ടെങ്കിൽ എത്ര ? : 6 അടിയിൽ ഉയരമുള്ള പക്ഷം Structural Engineer ടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. എന്നാൽ ഭാരം താങ്ങാത്ത തൂണുകൾ ഈ ഗണത്തിൽ വരുന്നതല്ല.
മുകൾ ഭാഗത്ത് ഏതെങ്കിലും തരത്തിലുള്ള മറ/വല/മേൽക്കൂര ഉള്ളപക്ഷം സർട്ടിഫിക്കറ്റ് ആവശ്യമാണ്.

(v) കളിസ്ഥലം 15 ദിവസത്തിന് താഴെയുള്ള ആവശ്യത്തിനാണോ:

(vi) ശൗചാലയ സംവിധാനം ഉണ്ടോ/ഉണ്ടെങ്കിൽ എത്ര:

(vii) കളിസ്ഥലത്തേക്ക് വഴിസൗകര്യം ഉണ്ടോ/വഴിയുടെ വീതി :

(viii) ഖര/ദ്രവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടോ/ഉണ്ടെങ്കിൽ ഏത് സംവിധാനം :

**കുറിപ്പ്:**
അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്

(1) വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ

(2) അവസാന ഭൂനികുതി ഒടുക്കിയതിന്റെ രസീത്

(3) വസ്തുവിന്റെ ലൊക്കേഷൻ പ്ളാൻ/സൈറ്റ് പ്ളാൻ

(4) നിർമ്മാണത്തിന്റെ മുഴുവൻ വിവരങ്ങളും അടങ്ങുന്ന പ്ളാൻ

പേര് : അപേക്ഷകന്റെ ഒപ്പ്:
തീയതി : പേര്:

## അനുബന്ധം–II

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

## താൽക്കാലിക കളിസ്ഥലമായി നിർമ്മാണം നടത്തുന്നതിനുള്ള അനുമതി

അനുമതി നമ്പർ :

.................. എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് താഴെ പറയുന്ന വസ്തുവിൽ താൽക്കാലിക കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള അനുമതി വ്യവസ്ഥകൾക്ക് വിധേയമായി നൽകി ഉത്തരവാകുന്നു.

I. അപേക്ഷകന്റെ പേര് :
മേൽ വിലാസം :

II. വസ്തുവിനെ സംബന്ധിച്ച വിവരം :
സർവെ നമ്പർ :
വില്ലേജ് നമ്പർ :
വസ്തുവിന്റെ അളവ് :

III. നിർമ്മാണത്തിന്റെ വിവരം :
കളിസ്ഥലത്തിന്റെ അളവ് :

**<u>മറ്റ് വ്യവസ്ഥകൾ</u>**

(1) നിർമ്മാണ അനുമതിയുടെ കാലാവധി ഒരു വർഷമായിരിക്കുന്നതാണ്.

(2) അനുമതി നൽകിയ പ്ലാനിന് അനുസൃതമായി മാത്രമേ നിർമ്മാണം നടത്താൻ പാടുള്ളൂ.

(3) നിർമ്മാണം താൽക്കാലികമായിരിക്കുന്നതാണ്.

(4) നിർമ്മാണ സമയത്ത് അപകടങ്ങൾ സംഭവിക്കാതിരിക്കാൻ എല്ലാ സുരക്ഷാ മുൻകരുതലുകളും എടുത്തിരിക്കേതാണ്.

(5) നിർമ്മാണം പൂർത്തിയാക്കിയാലുടൻ നഗരസഭയെ അറിയിക്കേതാണ്.

തീയതി **സെക്രട്ടറി**
സ്ഥലം **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ**

**അനുബന്ധം-III**

## <u>തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ താൽക്കാലികമായി നിർമ്മിച്ച കളിസ്ഥലം ഉപയോഗിക്കുന്നതിനുള്ള അനുമതി</u>

**അനുമതി നമ്പർ :**

…….. വ്യക്തിയുടെ ഉടമസ്ഥതയിലുള്ള/കൈവശത്തിലുള്ള …….. സർവ്വെ നമ്പറിൽപ്പെട്ട (…………വില്ലേജ്) ………ചതുരശ്ര വിസ്തീർണ്ണമുള്ള കളിസ്ഥലം നിയമാനുസൃത അനുമതിയോടെ നിർമ്മാണം നടത്തിയിട്ടുള്ളതും (പെർമിറ്റ് നമ്പർ:) ടിയാൻ നിർമ്മാണം പൂർത്തീകരിച്ച് ……….ദിവസം അറിയിച്ചിട്ടുള്ളതും ആയത് പരിശോധിച്ച്, സ്ഥലം/ എടുപ്പുകൾ കളിസ്ഥലമായി ഉപയോഗിക്കാൻ യോഗ്യമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

തിയതി :
സ്ഥലം :

**സെക്രട്ടറി**
**തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ**

**<u>അനുബന്ധം IV</u>**

## <u>തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കളിസ്ഥലങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസിനായുള്ള അപേക്ഷ</u>

1. അപേക്ഷകന്റെ പേര് :
2. മേൽവിലാസം :
3. കളിസ്ഥലത്തിന്റെ പേര് (സ്ഥലം) :
4. ചതുരശ്ര വിസ്തീർണ്ണം :
5. വാർഡ് :
6. താൽക്കാലിക നിർമ്മാണം/സ്ഥിര നിർമ്മാണം :
7. പ്രധാനപ്പെട്ട കളികൾ :
8. പ്രവർത്തനസമയം :
9. ലൈസൻസ് എത്ര വർഷത്തേക്ക് :
10. കാണികൾക്ക് ഇരിക്കാൻ സൗകര്യമുണ്ടോ (എങ്കിൽഎത്ര) :
11. കളിസ്ഥല ഉപയോഗ അനുമതി നം. :

(അനുമതിയുടെ പകർപ്പ്)

സ്ഥലം :                                                    അപേക്ഷകന്റെ പേര്:
തീയതി :                                                    ഒപ്പ് :

# അനുബന്ധം V
# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
# കളിസ്ഥലങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ്

ലൈസൻസ് നമ്പർ :

..................എന്ന വ്യക്തിയ്ക്ക് ചുവടെ സൂചിപ്പിക്കുന്ന സ്ഥലം കളിസ്ഥലമായി ഉപയോഗിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് അനുവദിക്കുന്നു.

1. ലൈസൻസിയുടെ പേര് :
2. മേൽവിലാസം :
3. കളിസ്ഥലത്തിന്റെ പേര് :
4. ചതുരശ്ര വിസ്തീർണ്ണം :
5. സർവ്വേ നം. :
6. വില്ലേജ് :
7. പ്രധാനപ്പെട്ട കളികൾ :
8. പ്രവർത്തന സമയം :
9. ലൈസൻസ് കാലാവധി :
10. ലൈസൻസ് നൽകുന്ന ദിവസം

**ലൈസൻസ് നിബന്ധനകൾ**

എ) ലൈസൻസ് നൽകിയിട്ടുള്ള കളിസ്ഥലങ്ങളിൽ നഗരസഭാ ഉദ്യോഗസ്ഥർക്ക് ഏതുസമയത്തും പ്രവേശിക്കുവാനും പരിശോധിക്കുവാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

ബി) ഏതെങ്കിലും ലൈസൻസ് നിബന്ധനകൾ ലംഘിക്കപ്പെട്ടതായി കാണുന്നെങ്കിൽ ആയത് ലൈസൻസ് റദ്ദാക്കുന്നതിന് കാരണമാകുന്നതാണ്.

സി) സർക്കാരോ നഗരസഭയോ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ ലൈസൻസ് വ്യവസ്ഥകളായി പരിഗണിക്കേണ്ടതും, ആയത് ലംഘിക്കുന്നപക്ഷം ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് കാരണമാകുന്നതുമാണ്.

ഡി) പൊതു താൽപ്പര്യം പരിഗണിച്ച് നഗരസഭയ്ക്ക് ലൈസൻസ് താൽക്കാലികമായി റദ്ദാക്കാവുന്നതും, പ്രസ്തുത സമയത്ത് കളിസ്ഥലങ്ങൾ അടച്ചിടേണ്ടതുമാണ്.

ഇ) പൊതു താൽപ്പര്യാർത്ഥം നഗരസഭയ്ക്ക് കളിസ്ഥലം ചെറിയ കാലയളവിലേക്ക് എന്തെങ്കിലും ആവശ്യത്തിന് വേണമെന്ന് ബോദ്ധ്യപ്പെട്ടാൽ ആയത് സൗജന്യമായി നൽകാൻ ലൈസൻസി ബാധ്യസ്ഥനാണ്.

എഫ്) തെറ്റായ രേഖകൾ, തെറ്റായ രേഖപ്പെടുത്തലുകൾ എന്നിവ മുഖാന്തിരമാണ് ലൈസൻസ് കരസ്ഥമാക്കിയതെന്ന് നഗരസഭയ്ക്ക് ബോധ്യമാകുന്നപക്ഷം നഗരസഭയ്ക്ക് ലൈസൻസ് റദ്ദാക്കാവുന്നതാണ്.

ജി) ലൈസൻസ് ലഭിച്ച കളിസ്ഥലങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ ജാതിയുടെയോ, മതത്തിന്റെയോ, ഭാഷയുടെയോ, ലിംഗത്തിന്റെയോ അടിസ്ഥാനത്തിൽ വിഭാഗീയത പാടില്ലാത്തതും എല്ലാത്തരം ആൾക്കാരേയും മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവേശിപ്പിക്കേണ്ടതുമാണ്.

എച്ച്) കളിസ്ഥലം വളരെ ശുചിത്വത്തോടുകൂടി പരിപാലിക്കേണ്ടതാണ്.

കളിസ്ഥലത്ത് ഉണ്ടാകുന്ന എല്ലാത്തരം ഖര-ദ്രവ മാലിന്യങ്ങളും ഉടനടി നീക്കം ചെയ്യേണ്ടതും ശാസ്ത്രീയമായി ആയത് സംസ്ക്കരിക്കേണ്ടതുമാണ്.

ഐ) ലൈസൻസ് നിബന്ധനകൾ പാലിക്കേണ്ടതും നഗരസഭയുടെയും സംസ്ഥാന സർക്കാരിന്റെയും വിവിധ നിർദേശങ്ങൾ ബന്ധപ്പെട്ട ലൈസൻസി പാലിക്കേണ്ടതുമാണ്.

ജെ) ലൈസൻസ് കൃത്യസമയത്തിനകം തന്നെ പുതുക്കേണ്ടതും ലൈസൻസ് ഫീസ് ഒടുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ലൈസൻസ് ഇല്ല എന്നു കരുതി നഗരസഭയ്ക്ക് കളിസ്ഥലം അടച്ചു പൂട്ടുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

കെ) കളിസ്ഥലത്തിന്റെ സുരക്ഷ ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബന്ധപ്പെട്ട ലൈസൻസിക്കാണ്. സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കേണ്ടതും, ഏതൊരു തരത്തിലുമുള്ള അപകടവും ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള അപകടം ഉണ്ടാകുന്നുവെങ്കിൽ ആയത് അടിയന്തിരമായി ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതും അപകടത്തിന്റെ തീവ്രത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേതുമാണ്.

എൽ) ഓരോ ലൈസൻസിയും കളിസ്ഥലത്തെ പ്രവർത്തനത്തെക്കുറിച്ചുള്ള മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും, അത് പൊതുജനങ്ങൾക്ക് പരസ്യപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത മാർഗ്ഗനിർദേശങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങൾക്കോ പൊതുനയങ്ങൾക്കോ എതിരാകുന്നപക്ഷം ആയത് നിലനിൽക്കുന്നതല്ല.

എം) കളി സ്ഥലങ്ങളിൽ മ്യൂസിക്, അല്ലെങ്കിൽ വലിയ രീതിയിലുള്ള ശബ്ദം പുറപ്പെടുവിക്കുന്നപക്ഷം ആയത് സമീപവാസികൾക്ക് അസൗകര്യം/ശല്യം ഉണ്ടാക്കാൻ പാടില്ല. കൂടാതെ രാവിലെ 6 മണിക്കു മുമ്പായും രാത്രി 10 മണിക്കു ശേഷവും ശബ്ദമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, ശബ്ദം പുറപ്പെടുവിക്കുന്ന യാതൊരു ഉപകരണങ്ങളും പ്രവർത്തിപ്പിക്കുവാൻ പാടില്ലാത്തതുമാകുന്നു.

**(ഒപ്പ്)**
**മേയർ**

**// ശരിപ്പകർപ്പ് //**

**കൗൺസിൽ സെക്രട്ടറി**